ബേപ്പൂർ - ചാലിയാർ തീരത്ത് വയലും തണ്ണീർത്തടവും നികത്തിയവർക്കെതിരെ നടപടി

130(4761) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ രാമനാട്ടുകര പഞ്ചായത്തിലെ ഒന്നും രണ്ടും വാർഡുകളിൽ ചാലിയാർ തീരത്ത് വൻതോതിൽ വയലും തണ്ണീർത്തടവും നിയമവിരുദ്ധമായി നികത്തുന്നതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് രാമനാട്ടുകര വില്ലേജ് ഓഫീസർ കോഴിക്കോട് തഹസീൽദാർക്ക് എന്തെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ എന്ത് നടപടിയാണ് കൈക്കൊണ്ടത് എന്ന് വ്യക്തമാക്കുമോ;

(ഡി) നിയമവിരുദ്ധമായി വയലും തണ്ണീർത്തടവും നികത്തിയവർക്കെതിരെ എന്ത് നടപടിയാണ് കൈക്കൊണ്ടത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ രാമനാട്ടുകര വില്ലേജിൽ മൂർക്കനാട് ഭാഗത്ത് നെൽവയലും തണ്ണീർത്തടവും മണ്ണിട്ട് നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) ഇതുസംബന്ധിച്ച് കരിങ്കല്ലായ്-ചാലിപ്പാടം നെൽവയൽ സംരക്ഷണ സമിതി പരാതി സമർപ്പിച്ചിട്ടുണ്ട്. പരാതിയുടെ അടിസ്ഥാനത്തിൽ രാമനാട്ടുകര വില്ലേജ് ഓഫീസർ സ്റ്റോപ് മെമ്മോ നൽകുകയും പ്രസ്തുത വിവരം കോഴിക്കോട് ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരമുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ മിച്ച ഭൂമി വിതരണം

131(4762) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പാലക്കാട് ജില്ലയിൽ എത്ര മിച്ച ഭൂമി വിതരണം ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതിയതായി എത്ര മിച്ച ഭൂമി കണ്ടെത്തിയിട്ടുണ്ട്;

(സി) പാലക്കാട് ജില്ലയിലെ വിവിധ താലൂക്ക് ലാന്റ് ബോർഡ് മുമ്പാകെ എത്ര കേസുകൾ തീർപ്പു കല്പിക്കുവാനുണ്ട്;

(ഡി) കഴിഞ്ഞ വർഷം എത്ര കേസ്സുകൾ തീർപ്പാക്കി?

(ഇ) കഴിഞ്ഞ വർഷം ഓരോ ലാന്റ് ബോർഡും നടത്തിയ സിറ്റിംഗ്രകളുടെ എണ്ണം എത്രയാണ്?

ഉത്തരം

(എ) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 20.40 ഏക്കർ (8.2591 ഹെക്ടർ) മിച്ച ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതി മുഖേന വിതരണം ചെയ്തിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിലെ 5 താലൂക്ക് ലാന്റ് ബോർഡുകളിലായി ആകെ 962.97 ¾ ഏക്കർ (389.8693 ഹെക്ടർ) മിച്ചഭൂമി ഏറ്റെടുക്കാൻ ഉത്തരവായിട്ടുണ്ട്.

(സി) 5 താലൂക്ക് ലാന്റ് ബോർഡുകളിലായി ആകെ 224 കേസുകൾ തീർപ്പാക്കാനുണ്ട്.

(ഡി) 34 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്.

(ഇ)

പാലക്കാട്	-	42
ചിറ്റൂർ	-	27
ആലത്തൂർ	-	36
ഒറ്റപ്പാലം	-	19
മണ്ണാർക്കാട്	-	9

സീതാംഗോളി ഗവൺമെന്റ് ഐ.ടി.ഐ.

132(4763) ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീതാംഗോളി ഗവൺമെന്റ് ഐ.ടി.ഐ. നിലവിൽ പുത്തിഗെ പഞ്ചായത്തിൽ സൗകര്യപ്രദമല്ലാത്ത താൽക്കാലിക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

LIBRARY ARCHIVES Kerala Legislative Assembly